നം. സി.ഇ.ഇ/5454/2018/KEAM-2019/റ്റി.എ.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2019

## 2019-ലെ സംസ്ഥാനത്തെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച്

10.03.2017 ലെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശം, 11.04.2017 ലെ സംസ്ഥാന സർക്കാർ നിർദ്ദേശം, 09.05.2017 ലെ WP(C)No. 267/2017 ലെയും ബന്ധപ്പെട്ട കേസുകളിലെയും ബഹു: സുപ്രീം കോടതിയുടെ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ/ദന്തൽ കേളേജുകളിലെയും സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും പ്രവേശനം നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ്-അണ്ടർ ഗ്രാജ്വേറ്റ് (NEET-UG) പ്രവേശന പരീക്ഷയിലെ സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന സംസ്ഥാന റാങ്ക് ലസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും.

12.02.2018, 01.11.2018 എന്നീ തീയതികളിലെ കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ നിർദ്ദേശം അനുസരിച്ച് ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി ബിരുദ കോഴ്സുകളിലെ പ്രവേശനം നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന നീറ്റ്-യു.ജി മെറിറ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. കൂടാതെ സംസ്ഥാനത്തെ അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള പ്രവേശനം നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന നീറ്റ്-യുജി പ്രവേശന പരീക്ഷയിലെ മെറിറ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

**ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലോ അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലോ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും നാഷണൽ ടെസ്റ്റിംഗ് ഏജൻസി 2019 മെയ് 5-ന് നടത്തുന്ന നീറ്റ്-യു.ജി പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കേണ്ടതാണ്.**

നീറ്റ്-യു.ജി പരീക്ഷയ്ക്കായി **www.ntaneet.nic.in** എന്ന വെബ്സൈറ്റിലൂടെ **2018 നവംബർ 30-ാം തീയതിയ്ക്കകം** ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

തിരുവനന്തപുരം
19.11.2018

പ്രവേശന പരീക്ഷാ കമ്മീഷണർ